പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2019 മെയ് 29, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## അപകടസാധ്യതയുള്ള തൊഴിൽ ചെയ്യുന്നവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : T 569

ശ്രീ.മഞ്ഞളാംകുഴി അലി

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.എൻ. ഷംസുദ്ദീൻ

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി :

ഡോ. ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | അപകടസാധ്യതയുള്ള തൊഴിൽ ചെയ്യുന്ന എല്ലാ വിഭാഗം ജീവനക്കാരെയും സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയിഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ / പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ / കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പൊതു മേഖല സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ കമ്പനികൾ, ബോർഡുകൾ |
| (ബി) | കെ.എസ്.ആർ.ടി.സി.യിലെ മുഴുവൻ ജീവനക്കാരെയും വ്യവസായ വകുപ്പിനു കീഴിലുള്ള വിവിധ ഫാക്ടറികളിലും കമ്പനികളിലും ജോലി ചെയ്യുന്നവരെയും പദ്ധതിയ്ക്കു കീഴിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) | എങ്കിൽ എന്തുകൊണ്ടാണ് ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്താത്തതെന്ന് അറിയിയ്ക്കുമോ; | |
| (ഡി) | അപകടസാധ്യതയുള്ള ജോലിചെയ്യുന്ന മുഴുവൻ ഉദ്യോഗസ്ഥർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന തരത്തിൽ പദ്ധതിയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിയ്ക്കുമോ? | |

| | | |
|---|---|---|
| | | തുടങ്ങിയവയിലെ ജീവനക്കാരെ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി വിഭാഗങ്ങളെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**